KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

Ref No:12404 20/07/2022

## സർക്കുലർ നമ്പർ 58/2022 (BD)

വിഷയം: കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ സ്ഥിരം ജോലിക്കാരുടെ ശമ്പള സർട്ടിഫിക്കറ്റ് നമ്മുടെ എല്ലാ പദ്ധതികളിലും ജാമ്യമായി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന: 1. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ ഫിനാൻസ് മാനേജരുടെ 29/04/2022 ലെ KSCC/ FA/ MISC/ 2022 നമ്പർ കത്ത്.

2. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ പേഴ്സണൽ മാനേജരുടെ 26/05/2022 ലെ KSCC/ P&A/ 05/09A/ 22-23 നമ്പർ കത്ത്.

3. 29/06/2022 തീയതിയിലെ 559-മത് ഡയറക്ടർ ബോർഡ് യോഗത്തിൽ എടുത്ത 9626- മത് നമ്പർ തീരുമാനം

****

മേൽ സൂചന പ്രകാരം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ ഫിനാൻസ് മാനേജരുടെ അപേക്ഷ പരിഗണിച്ച് പ്രസ്തുത സ്ഥാപനത്തിലെ സ്ഥിരം ജോലിക്കാരുടെ ശമ്പള സർട്ടിഫിക്കറ്റ് കെ.എസ്.എഫ്.ഇ യുടെ വിവിധ സ്കീമുകളിൽ ജാമ്യമായി സ്വീകരിക്കുന്നതിന് അംഗീകൃത സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി തീരുമാനമെടുത്തിട്ടുണ്ട്.

ആയതു പ്രകാരം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് കേരള സർക്കാരിന്റെ ഉടമസ്ഥതയിൽ 1969 ൽ സ്ഥാപിതമായ കയർ മേഖലയിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമാണ്. കയർ മേഖലയിലെ വികസനത്തിനായി തുടങ്ങിയ പ്രസ്തുത സ്ഥാപനത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റും മാനുഫാക്ചറിംഗ് യൂണിറ്റും പ്രവർത്തിക്കുന്നത് ആലപ്പുഴയിലാണ്. ഇപ്പോൾ പ്രസ്തുത സ്ഥാപനം നവീന രീതിയിലുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുക വഴി ബിസിനസ്സ് വളരെയധികം വിപുലീകരിക്കുകയും ടേൺ ഓവർ നല്ല രീതിയിൽ നേടാനും സാധിച്ചിട്ടുണ്ട്. ഈ സർക്കുലർ തീയതി മുതൽ മേൽ പറഞ്ഞ സ്ഥാപനത്തിലെ സ്ഥിരം ജീവനക്കാരുടെ ശമ്പള സർട്ടിഫിക്കറ്റുകൾ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ജാമ്യമായി സ്വീകരിക്കാവുന്നതാണ്.

1. ശമ്പള സർട്ടിഫിക്കറ്റിലും റിക്കവറി സർട്ടിഫിക്കറ്റിലും ഒപ്പിടേണ്ട മേലധികാരി പേഴ്സണൽ മാനേജരാണ്.

2. SREG ജീവനക്കാരെ സംബന്ധിച്ച് നിലവിലുള്ള എല്ലാ നിബന്ധനകളും കാലാകാലങ്ങളിൽ SREG ജാമ്യ വ്യവസ്ഥകളിൽ വരുന്ന മാറ്റങ്ങളും ഈ സ്ഥാപനത്തിലെ മേൽ പറഞ്ഞ ജീവനക്കാർക്കും ബാധകമായിരിക്കും.

3. കെ.എസ്.എഫ്.ഇ നൽകുന്ന ഗവൺമെന്റ് നിർദ്ദേശിച്ച പ്രകാരമുള്ള ശമ്പള സർട്ടിഫിക്കറ്റിന്റെ നിർദ്ദിഷ്ട ഫോറം കൃത്യമായി പൂരിപ്പിച്ച് വരിക്കാരൻ/ വായ്പക്കാരൻ/ ജാമ്യക്കാരൻ എന്നിവരുടേയും പേഴ്സണൽ മാനേജരുടേയും ഒപ്പുകൾ സഹിതമാണ് കെ.എസ്.എഫ്.ഇ യിൽ ജാമ്യത്തിനായി സമർപ്പിക്കേണ്ടത്.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**സുബ്രഹ്മണ്യൻ വി.പി**
**മാനേജിംഗ് ഡയറക്ടർ**

**To:- എല്ലാ ശാഖാ തലവന്മാർക്കും**

**പകർപ്പ്**

1. എല്ലാ മേഖലാ ഓഫീസുകൾക്കും
2. എല്ലാ IAD ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും
3. MD യുടെ PA
4. ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
5. എല്ലാ SDT ഓഫീസുകൾക്കും
6. സർക്കുലർ ഫയൽ

Confidential